പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 4136 27.6.2012 ലെ മറുപടിക്ക്

പട്ടികജാതിക്കാർക്ക് ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. ബി. സത്യൻ | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലം വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനും എന്തു തുക ധനസഹായമായി നൽകുന്നുണ്ടെന്ന് അറിയിക്കാമോ; ഈ നിരക്കിൽ എല്ലാ ഭവനരഹിതർക്കും സഹായം നൽകാനുള്ള ഫണ്ട് തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; | എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായവർക്ക് ഗ്രാമപഞ്ചായത്ത് മേഖലയിൽ മൂന്ന് സെന്റ് ഭൂമി വാങ്ങുന്നതിന് ഒന്നരലക്ഷം രൂപയും മുനിസിപ്പൽ പ്രദേശത്ത് ഒന്നര സെന്റ് ഭൂമി വാങ്ങുന്നതിന് 1.75 ലക്ഷം രൂപയും കോർപ്പറേഷൻ പ്രദേശത്ത് ഒന്നര സെന്റ് ഭൂമി വാങ്ങുന്നതിന് 2 ലക്ഷം രൂപയും വീട് വയ്ക്കുന്നതിന് 2 ലക്ഷം രൂപയും വകുപ്പിൽ നിന്നും അനുവദിച്ചു വരുന്നു.<br>2012-13 വർഷത്തിലെ ബഡ്ജറ്റിൽ ഭവന നിർമ്മാണധനസഹായം അനുവദിക്കുന്നതിനായി 9000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2007-08 മുതൽ 2011-12 വരെ അനുവദിച്ചതും പൂർത്തീകരിക്കാത്തതുമായ (മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് ) വീടുകൾ പൂർത്തീകരിക്കുന്നതിനും പുതിയ വീടുകൾ അനുവദിക്കുന്നതിനുമാണ് തുക അനുവദിച്ചിരിക്കുന്നത്. എല്ലാ ഭവന രഹിതർക്കും സഹായം നൽകാനുള്ള ഫണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. |

(ബി)സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തതിനാൽ കൂട്ടുകുടുംബമായി കഴിയുന്ന പട്ടികജാതിയിൽപ്പെട്ടവർക്ക് വസ്തുവും വീടും നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

ബി) ഉണ്ട്.

വാടക വീട്ടിലോ, മാതാപിതാക്കളോടൊത്തോ മറ്റു ബന്ധുക്കളോടൊത്തോ താമസിക്കുന്ന ഭാര്യയും ഭർത്താവും, ഭാര്യാഭർത്താക്കൻമാരിൽ ഒരാൾ മരണമടയുകയോ, ഉപേക്ഷിക്കപ്പെടുകയോ ചെയ്തശേഷം അവരുടെ അവിവാഹിതരായ മക്കളുമായി താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് വകുപ്പിൽ നിന്നും ഭൂരഹിതപുനരധിവാസ പദ്ധതി പ്രകാരം ഭൂമിയും, ഭൂമി ലഭ്യമാകുന്നവർക്ക് തദനുസരണമായി വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായവും അനുവദിച്ചുവരുന്നു.

(സി)പട്ടികജാതിക്കാർക്ക് സ്വയംതൊഴിൽ പരിശീലനത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും എന്തെല്ലാം സഹായങ്ങളാണ് പട്ടികജാതി വികസന വകുപ്പ് വഴി നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ?

സി) സ്വയം തൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം വരെ ബാങ്ക് വായ്പ യുടെ അടിസ്ഥാനത്തിൽ വായ്പയുടെ മൂന്നിലൊന്ന് തുക സബ്സിഡിയായി അനുവദിച്ചിരുന്നു. സബ്സിഡി തുക വ്യക്തികൾക്ക് പരമാവധി ഒരു ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10.50 ലക്ഷം രൂപയുമായിരുന്നു. എന്നാൽ ഈ സാമ്പത്തികവർഷം മുതൽ സ്വയം തൊഴിൽ പദ്ധതി മൈക്രോ എന്റർ പ്രൈസസ് യൂണിറ്റുകളായി നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് 5 ലക്ഷം രൂപവരെ അടങ്കൽ തുകയുള്ള പ്രോജക്ടും, അഞ്ച് പേരടങ്ങുന്ന ഗ്രൂപ്പുകൾക്ക് 25 ലക്ഷം വരെ അടങ്കൽ തുകയുള്ള പ്രോജക്ടും അംഗീകാരം നൽകി ഇതിന്റെ മൂന്നിലൊന്ന് സബ്സിഡിയായി നൽകുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ.